പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.166 06.02.2019 ൽ മറുപടിയ്ക്ക്

## വികേന്ദ്രീകൃത നെല്ല് സംസ്കരണ വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വികേന്ദ്രീകൃത നെല്ല് സംസ്കരണ വിതരണ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | രാജ്യത്തെ മുഖ്യ ധാന്യ സംഭരണ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അനുവർത്തിക്കുന്ന ധാന്യ സംഭരണ പ്രക്രിയ പരിഷ്കരിച്ച് കേന്ദ്ര ഭക്ഷ്യ പൊതു വിതരണ മന്ത്രാലയം 1997-98 മുതൽ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കേരളത്തിലും 2005 മുതൽ വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, സപ്ലൈകോ ഏറ്റെടുത്ത് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴക്കൻ രീതിയിൽ കുത്തി അരിയാക്കിയശേഷം പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുകയും നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പി.ആർ.എസ്. വായ്പാ പദ്ധതി വഴി നിക്ഷേപിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ പദ്ധതിയുടെ ചെലവ് എപ്രകാരമാണെന്നും ഇതിന്റെ കൈകാര്യ ചെലവ് കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) | വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില നിലവിൽ കിലോ ഗ്രാമിന് 17.50 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നെല്ല് സംഭരണം മുതൽ സംസ്കരിച്ച് അരിയാക്കി വിതരണം ചെയ്യുന്നതുവരെയുള്ള കൈകാര്യ ചെലവുകൾ കേന്ദ്ര സർക്കാർ വഹിക്കുന്നു. നിലവിൽ 1 കിലോ അരിയുടെ സംസ്കരണ വിതരണ ചെലവ് ഉൾപ്പെടെ കിലോ ഗ്രാമിന് 30.09 രൂപ നിരക്കിൽ കേന്ദ്ര സർക്കാർ നൽകി വരുന്നതും ആയത് മുൻ വർഷത്തെ കൈകാര്യ ചെലവിനേക്കാൾ കുറവുമാണ്. |
| (സി) | സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രകാരം | (സി) | കേന്ദ്രസർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവിലയായ കിലോ ഗ്രാമിന് 17.50 രൂപയ്ക്ക് പുറമെ സംസ്ഥാന |

| | | | |
|---|---|---|---|
| | കൃഷിക്കാർക്ക് നല്കുന്നതിനായി വിനിയോഗിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; | | പ്രോത്സാഹന ബോണസായ കിലോ ഗ്രാമിന് 7.80 രൂപയും ചേർത്ത് നിലവിൽ 25.30 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി 525 കോടി രൂപ പദ്ധതിയേതര വിഹിതമായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം സംഭരണ വിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നെല്ല് സംഭരണ പദ്ധതിയിൽ കഴിഞ്ഞ സീസണിലേതിൽ നിന്നും കേന്ദ്ര സർക്കാർ 2 രൂപ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 25.30 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**